**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1423** **03-02-2026 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട സുപ്രീം കോടതി വിധി ഒരു പ്രത്യേക മാനേജ്മെന്റിന് മാത്രമായി പരിമിതപ്പെടുത്തുന്നത് ഭരണഘടനയുടെ ആർട്ടിക്കിൾ 14 പ്രകാരമുള്ള തുല്യതാവകാശത്തെ ലംഘിക്കുന്നതാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട നിയമനങ്ങൾ സംബന്ധിച്ച് നായർ സർവിസ് സൊസൈറ്റി മാനേജ്മെന്റ് ബഹു. സുപ്രീം കോടതിയിൽ SLP(C)No. 11373/2024 ഫയൽ ചെയ്യുകയും ആയതിലുള്ള വിധിന്യായം ബഹു. കോടതി 04.03.2025 ൽ പുറപ്പെവിക്കുകയും ചെയ്തു. ടി മാനേജ്മെന്റിന് കീഴിൽ ഭിന്നശേഷിക്കാരുടെ നിയമനത്തിനായി നീക്കിവെച്ചിരിക്കുന്ന ഒഴിവുകൾ ഒഴികെ മറ്റുള്ള ഒഴിവുകളിൽ നിയമനം നടത്തുവാനും അത്തരം നിയമനങ്ങൾ ക്രമീകരിക്കുവാനും ആണ് പ്രസ്തുത വിധിന്യായത്തിൽ ബഹു. കോടതി നിർദേശം നൽകിയിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിലാണ് സ.ഉ.(കൈ) നം. 43/2025/GEDN തീയതി 17.03.2025 പ്രകാരം നായർ സർവീസ് സൊസൈറ്റി മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളിൽ നിയമിച്ച ജീവനക്കാരുടെ നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ റഗുലർ ശമ്പള സ്കെയിലിൽ അംഗീകരിക്കുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ള ത്. മേൽ ഉത്തരവ് ബഹു. സുപ്രീം കോടതിയുടെ അനുമതിയോടെ സമാന സ്ഥിതിയിലുള്ള മറ്റു മാനേജ്മെന്റുകൾക്കും ബാധകമാക്കാനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത വിധി നായർ സർവീസ് സൊസൈറ്റി മാനേജ്മെന്റിന് ബാധകമാണെന്ന് സർക്കാർ സ്വീകരിച്ച നിലപാട് മറ്റ് എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകളിൽ വ്യത്യസ്ത | (ബി) | ബഹു.സുപ്രീം കോടതിയുടെ അനുമതിയോടെ നായർ സർവീസ് സൊസൈറ്റി മാനേജ്മെന്റിന് ലഭിച്ച വിധിന്യായത്തിലെ നിർദേശങ്ങൾ സമാന സ്ഥിതിയിലുള്ള മറ്റു മാനേജ്മെന്റുകൾക്കും ബാധകമാക്കുന്നതിന് അനുമതിക്കായി സർക്കാർ |

| | | | |
|---|---|---|---|
| | നിയമപ്രയോഗത്തിലേക്ക് നയിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | | സുപ്രീം കോടതിയിൽ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുണ്ട്. |
| (സി) | ഭിന്നശേഷി സംവരണം എല്ലാ എയ്ഡഡ് സ്കൂളുകളിലും ഒരേ മാനദണ്ഡത്തിൽ നടപ്പാക്കുന്നതിന് ഏകീകൃത സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാൻ ആലോചിച്ചിട്ടുണ്ടോ; | (സി) | നായർ സർവ്വീസ് സൊസൈറ്റി മാനേജ്മെന്റിനു ലഭിച്ച അനുകൂല വിധി മറ്റു മാനേജ്മെന്റുകൾക്ക് കൂടി ബാധകമാകുന്ന വിഷയത്തിൽ ബഹു. സുപ്രീം കോടതിയുടെ അനുമതിയ്ക്ക് വിധേയമായി തുടർ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (ഡി) | സ.ഉ. (കൈ) നം.45/2025/പൊ.വി.വ., സ.ഉ. (കൈ) നം.123/2025/പൊ.വി.വ. എന്നിവ പ്രകാരം രൂപീകരിച്ച സംസ്ഥാനതല–ജില്ലാതല സമിതികളുടെ അധികാരപരിധി എല്ലാ മാനേജ്മെന്റുകൾക്കും ഒരുപോലെ ബാധകമാണോയെന്ന് വ്യക്തമാക്കാമോ; | (ഡി) | സ.ഉ.(കൈ) നം.45/2025/പൊ.വി.വ. സ.ഉ. (കൈ) നം.23/2025/പൊ.വി.വ. എന്നിവ പ്രകാരം രൂപീകരിച്ച ജില്ലാതല സമിതികൾ തിരഞ്ഞെടുത്തു ശുപാർശ ചെയ്യുന്ന ഭിന്നശേഷി ഉദ്യോഗാർത്ഥികളെ നിയമിക്കുവാൻ ബന്ധപ്പെട്ട മാനേജർമാർ ബാധ്യസ്ഥരാണെന്ന് ബഹു. സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്. |
| (ഇ) | ഭിന്നശേഷി സംവരണം നടപ്പാക്കുന്നതിൽ മാനേജ്മെന്റുകൾ തമ്മിൽ വ്യത്യാസം വരാതിരിക്കാനായി വിദ്യാഭ്യാസ വകുപ്പ് മേൽനോട്ട സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ടോ; | (ഇ) | ഭിന്നശേഷി സംവരണ നിയമനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഒരു സംസ്ഥാനതല സമിതി പ്രവർത്തിക്കുന്നുണ്ട്. ടി സമിതിയുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും ചുവടെ ചേർക്കുന്നു.<br><br>1. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളില ഭിന്നശേഷി സംവരണ നിയമന നടപടികളുടെ അവലോകനം നടത്തുക.<br><br>2. നിയമന പുരോഗതി സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുക.<br><br>3. നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ട വിഷയങ്ങൾ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി സർക്കാരിന് റിപ്പോർട്ട് ചെയ്യുക.<br><br>4. ജില്ലാതല സമിതികൾക്ക് ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനായി ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുക.<br><br>5. ജില്ലാതല സമിതിയുടെ നടപടികളിന്മേലുള്ള അപ്പീലുകൾ തീർപ്പാക്കുക. ഭിന്നശേഷി സംവരണ നിയമനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും സംസ്ഥാനതല സമിതി മേൽനോട്ടം വഹിക്കുന്നുണ്ട്. |
| (എഫ്) | ഭിന്നശേഷി സംവരണ നിയമനങ്ങളിലുണ്ടായ താമസം മൂലം മറ്റ് യോഗ്യതയുള്ള അധ്യാപകർക്ക് നിയമനാവകാശം നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അത് | (എഫ്) | ബഹു.സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം ആരംഭിച്ച സംസ്ഥാനതല, ജില്ലാതല സമിതികളുടെ പ്രവർത്തനങ്ങൾ അതിവേഗം നടന്നുവരികയാണ്. |

| | | | |
|---|---|---|---|
| | പരിഹരിക്കാൻ സർക്കാർ പ്രത്യേക മാർഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; | | നിലവിൽ ജില്ലാതലത്തിൽ ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് പബ്ലിഷ് ചെയ്ത് നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ഭിന്നശേഷി സംവരണം മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനോടൊപ്പം ഭിന്നശേഷി സംവരണ തത്വം പാലിക്കാത്തതിനാൽ മുടങ്ങിയിരുന്ന മറ്റ് നിയമനങ്ങളും കാലതാമസം കൂടാതെ അംഗീകരിച്ച് നൽകുന്നതിനുള്ള നിർദേശം ബന്ധപ്പെട്ട എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകുകയും ചെയ്തിട്ടുണ്ട്. |
| (ജി) | ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കും മറ്റ് ഉദ്യോഗാർത്ഥികൾക്കും ഒരുപോലെ നീതി ഉറപ്പാക്കുന്നതിന് നിയമഭേദഗതിയോ വ്യക്തതയുള്ള ചട്ടങ്ങളോ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ജി) | ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കും മറ്റ് ഉദ്യോഗാർത്ഥികൾക്കും ചട്ടപ്രകാരമുള്ള അവകാശങ്ങൾക്ക് ഒരുപോലെ അർഹതയുണ്ട്. ഇതിനായി നിയമ ഭേദഗതിയോ പുതിയ ചട്ടങ്ങളോ കൊണ്ടുവരേണ്ട ആവശ്യം ഉണ്ടെന്നു കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ